**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 387** | **19-07-2022 - ൽ മറുപടിയ്ക്ക്**

**ഇക്കോ സെൻസിറ്റീവ് സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 23.10.2019-ലെ കേരള മന്ത്രിസഭാ യോഗത്തിൽ എല്ലാ വന്യജീവി സങ്കേതങ്ങളോട്ടും ദേശീയ ഉദ്യാനങ്ങളോട്ടും ചേർന്ന് കിടക്കുന്ന മനുഷ്യവാസകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള മേഖലകൾക്ക് ഒരു കിലോമീറ്റർ ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയ കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതി ലോല/ ദുർബ്ബലമായ വനമേഖലയുടെ സമീപസ്ഥമായ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം കൂട്ടിയിരുന്നു. തുടർന്നുള്ള മൺസൂൺ കാലത്ത് ഉണ്ടായ മണ്ണിടിച്ചിലും മറ്റു വിപത്തുകളും ഇത് അടിവരയിടും. അതിനാൽ അനധികൃത നിർമ്മാണം, പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെ കുറിച്ചുള്ള പുതിയ തീരുമാനങ്ങൾ എടുക്കേണ്ടതായി വന്നു. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മനുഷ്യജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്താണ് സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31-10-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2019/വനം പ്രകാരം അംഗീകാരം നൽകിയത് |
| (ബി) | മനുഷ്യവാസ കേന്ദ്രങ്ങളെ ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനമന്ത്രാലയത്തിന് നിർദ്ദേശങ്ങൾ നൽകാനുള്ള 2013-ൽ അന്നത്തെ സർക്കാരിന്റെ തീരുമാനം മാറ്റാനുണ്ടായ സാഹചര്യം | (ബി) | 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയ കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതി ലോല/ ദുർബ്ബലമായ വനമേഖലയുടെ സമീപസ്ഥമായ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കം |

| | | | |
|---|---|---|---|
| | എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | കൂട്ടിയിരുന്നു. തുടർന്നുള്ള മൺസൂൺ കാലത്ത് ഉണ്ടായ മണ്ണിടിച്ചിലും മറ്റു വിപത്തുകളും ഇത് അടിവരയിട്ടു. അതിനാൽ അനധികൃത നിർമ്മാണം, പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിൽ അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെ കുറിച്ചുള്ള പുതിയ തീരുമാനങ്ങൾ എടുക്കേണ്ടതായി വന്നു. സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മനുഷ്യജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങൾ ഉണ്ടാകുന്നത് കണക്കിലെടുത്താണ് സംരക്ഷിത പ്രദേശങ്ങൾക്കു ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31-10-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 29/2019/വനം പ്രകാരം അംഗീകാരം നൽകിയത് |
| (സി) | 2019-ലെ ഉത്തരവ് പിൻവലിച്ചുകൊണ്ട് മനുഷ്യവാസ കേന്ദ്രങ്ങളെ ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ടുള്ള പുതിയ ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോ? | (സി) | 2019-ലെ സർക്കാർ ഉത്തരവ് പ്രകാരം ഇക്കോസെൻസിറ്റീവ് സോൺ നിജപ്പെടുത്തിയതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 28-09-2020-ൽ വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇക്കോസെൻസിറ്റീവ് സോണിൽ നിന്നും ജനസാന്ദ്രതകൂടിയ മേഖലകളെയും സർക്കാർ/ അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ വെളിച്ചത്തിൽ ജനസാന്ദ്രത കൂടിയ മേഖലകളെയും, സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ടാണ് മലബാർ, ഇടുക്കി, ആറളം, കൊട്ടിയൂർ, ശെന്തുരിണി, തട്ടേക്കാട്, പെരിയാർ, വയനാട്, സൈലന്റ് വാലി, പറമ്പിക്കുളം, നെയ്യാർ, പേപ്പാറ, ചൂലന്നൂർ, പീച്ചി എന്നീ 14 വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള പരിസ്ഥിതി സംവേദക മേഖലയിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോട് കൂടിയുള്ള കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര സർക്കാരിലേക്ക് വീണ്ടും സമർപ്പിച്ചിട്ടുള്ളത്. ആയതിന്മേലുള്ള തുടർ നടപടികൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സ്വീകരിച്ചുവരുകയുമാണ്. ബാക്കി വന്യജീവി |

| | | | |
|---|---|---|---|
| | | | സങ്കേതങ്ങളുടെ കാര്യത്തിൽ ജനവാസ മേഖലകൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ കരട് ഭേദഗതി നിർദ്ദേശം ആവശ്യമില്ലാത്തതാണെന്ന് കണ്ടെത്തിട്ടുള്ളതാണ്. ജനസാന്ദ്രത കൂടിയ മേഖലകളെയും, കൃഷി സ്ഥലങ്ങളെയും പരമാവധി ഒഴിവാക്കിയാണ് പുതുക്കിയ പ്രൊപ്പോസൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി വിദഗ്ധ സമിതി യോഗങ്ങൾ ചേരുകയും ആവശ്യപ്പെട്ട അധിക വിവരങ്ങൾ  സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജനസാന്ദ്രത കൂടിയ മേഖലകൾ ഉൾപ്പെട്ടിട്ടില്ലാത്ത ഇരവികുളം, ചിന്നാർ, കുറിഞ്ഞിമല, പാമ്പാടുംഷോല, ആനമുടിഷോല, തട്ടേക്കാട് എന്നിവയുടെ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന് വിദഗ്ധ സമിതി യോഗത്തിൽ തത്വത്തിൽ തീരുമാനമായതുമാണ്.<br><br>മേൽ സാഹചര്യത്തിൽ, 2019-ലെ ഉത്തരവ് പുനഃ പരിശോധിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ